**SUNDAY** 07-08-2022 **ഞായറാഴ്ച**

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

**Government of Kerala**

**Chief Editor : Suraj S** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-07/08/2022.

1. സംസ്ഥാനത്ത് അടുത്ത ദിനങ്ങളിൽ കനത്ത മഴയും പ്രകൃതിക്ഷോഭവും ഉണ്ടായ സാഹചര്യത്തിൽ കൃഷി നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും ദുരന്ത ലഘൂകരണത്തിനുമായി കൃഷിവകുപ്പ് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും കൺട്രോൾ റൂമുകൾ തുറന്നിട്ടുണ്ട്. കർഷകർക്ക് വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്തിനായി താഴെപ്പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

| | |
|---|---|
| **സംസ്ഥാനതല കണ്ട്രോൾ സെന്റർ** | **9495931216** |
| **ജില്ലാതല കൺട്രോൾ സെന്ററുകൾ** | |
| തിരുവനന്തപുരം | **9383470086, 9383470092** |
| കൊല്ലം | **9447104855, 7907935033** |
| പത്തനംതിട്ട | **9495734107, 9495606930** |
| കോട്ടയം | **9383470704, 9383470714** |
| ആലപ്പുഴ | **9496117012, 9447400212** |
| എറണാകുളം | **9383471150, 9383471180** |
| തൃശൂർ | **9446035934, 9447614652** |
| പാലക്കാട | **9447359453, 9447839399** |
| മലപ്പുറം | **9446474275, 9895335298** |
| കോഴിക്കോട് | **9383471784, 9383471779** |
| ഇടുക്കി | **9447124455, 9447447705** |
| വയനാട് | **9446367312, 9383471912** |
| കണ്ണൂർ- | **9383472028, 9495326950** |
| കാസർഗോഡ് | **9447089766, 9383471969** |

2. തിരുവനന്തപുരം ജില്ലയിൽ കനത്ത മഴ തുടരുന്ന സാഹര്യത്തിൽ വെള്ളപ്പൊക്ക ഭീഷണിയുള്ള സ്ഥലങ്ങളിൽ നിന്നും ഉരുക്കളെ മാറ്റിപ്പാർപ്പിക്കേണ്ടതാണെന്നും, മേഖലയിലെ നാശനഷ്ടങ്ങൾ കർഷകർ അതാത് പഞ്ചായത്തിലെ മൃഗാശുപത്രിയിലോ ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന കൺട്രോൾ

റൂമിലെ 9446105778 എന്ന ഫോൺ നമ്പറിലോ റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

3. സ്യൂഡോമോണാസ്, ട്രൈക്കോഡെർമ്മ, ബിവേറിയ തുടങ്ങിയ ജീവാണു കുമിൾ/കീടനാശിനികൾ മണ്ണുത്തിയിലുള്ള സെയിൽസ് സെന്റർ, വെള്ളാനിക്കരയിലെ സെൻട്രൽ നേഴ്സറി, ഹോർട്ടിക്കൾച്ചർ കോളേജിലെ BCCP യൂണിറ്റ്, കണ്ണാറ വാഴ ഗവേഷണ കേന്ദ്രം എന്നിവിടങ്ങളിൽ ലഭ്യമാണ്.

4. ആറളം ഫാം സെൻട്രൽ നേഴ്സറിയിലും ഇരിട്ടിയിലുള്ള തണൽ മിനി സൂപ്പർ മാർക്കറ്റിലും കശുമാവിന്റ അത്യുൽപ്പാദന ശേഷിയുള്ള ഗ്രാഫ്റ്റുകൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ധന, പ്രിയങ്ക, കനക, സുലഭ, വെങ്കർല 7 എന്നീ ഇനങ്ങൾ 50 രൂപ നിരക്കിൽ ലഭിയ്ക്കും. ആവശ്യക്കാർ **8281982312, 9447007402** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

5. കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുള്ള പച്ചക്കറിയിനങ്ങളുടെ വിത്ത് മണ്ണുത്തിയിലുള്ള ATIC സെയിൽസ് കൗണ്ടറിൽ വിൽപനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : **0487 2370540, 04872 371340.**

## പരിശീലന പരിപാടികൾ

6. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെൻറർ കർഷകർക്കായി **'വ്യവസായിക അടിസ്ഥാനത്തിൽ ആടുവളർത്തൽ'** എന്ന വിഷയത്തിൽ ആഗസ്റ്റ് 12 ന് ഒരു ഏകദിന പരിശീലന പരിപാടി നടത്തുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ **0487 2370773** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽ കൃഷി വികസന പരിശീലന കേന്ദ്രത്തിൽ **ആഗസ്റ്റ് 9, 10** തീയതികളിൽ ക്ഷീര കർഷകർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. പേര് രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി **ആഗസ്റ്റ് 8** വൈകുന്നേരം 5 മണി വരെ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേരെ പങ്കെടുപ്പിക്കും. കൂടുതൽ വിവരങ്ങൾക്ക് **0471–2501706, 9400831831** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.ടി) റബ്ബറുത്പന്നനിർമ്മാണത്തിൽ കോട്ടയത്ത് വെച്ച് നടത്തുന്ന മൂന്നുമാസത്തെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് ആഗസ്റ്റ് 23-വരെ രജിസ്റ്റർ ചെയ്യാം. റബ്ബറുത്പന്നനിർമ്മാണത്തിലുള്ള സർട്ടിഫിക്കറ്റ് കോഴ്സിൽ ഡിപ്ലോമ/ബിരുദധാരികൾ, എഞ്ചിനീയർമാർ, ഗവേഷകർ, വിദ്യാർത്ഥികൾ, റബ്ബർവ്യവസായമേഖലയിൽ സാങ്കേതികരംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർക്കെല്ലാം പങ്കെടുക്കാം. ഈ കോഴ്സിലൂടെ റബ്ബർ കോമ്പൗണ്ടിങ്, ഉത്പന്നനിർമ്മാണം, അസംസ്കൃതവസ്തുക്കളുടെയും ഉത്പന്നങ്ങളുടെയും പരിശോധന, ലാറ്റക്സ് ടെക്നോളജി എന്നിവയിലെല്ലാം പ്രാവീണ്യം നേടാം. അക്കാദമിക/വ്യവസായിക മേഖലകളിൽ പുതിയ അവസരങ്ങൾ തേടുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും കോഴ്സ് സഹായകമാകും. താൽപര്യമുള്ളവർ **0481 2353127** എന്ന നമ്പരിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

9. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 10, 11 (ആഗസ്റ്റ് 10,11) തീയതികളിൽ രാവിലെ 10 മുതൽ 5 വരെ **ഇറച്ചിക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ പരിശീലന ക്ലാസ്സ് നടത്തുന്നു. താൽപര്യമുള്ളവർ **0469-2965535** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9188522711** എന്ന വാട്ട്സാപ്പ് നമ്പരിൽ വാട്ട്സാപ്പ് സന്ദേശം അയച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. **കേരള കാർഷിക സർവകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തി നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

പച്ചക്കറികളിൽ **മൊസേക്ക് രോഗം** കാണുകയാണെങ്കിൽ കേടു വന്ന ചുവടുകൾ പിഴുതെടുത്ത് നശിപ്പിക്കണം. രോഗം പരത്തുന്ന വെള്ളീച്ച, തുള്ളൻ മുതലായ കീടങ്ങളെ വേപ്പധിഷ്ഠിത കീടനാശിനി കൾ 4 മുതൽ 5 മി.ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിൽ തളിച്ച് നിയന്ത്രിക്കണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം